42/GOV/18

5-4-18

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - താൽക്കാലികമായി നിയമിതരായ ഓവർസീയർമാരുടെ സേവനം നീട്ടി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം. 849/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 28.03.2018

---

പരാമർശം:- സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 05.03.2018 ലെ 4.9 നമ്പർ തീരുമാനം.

CE
DC
JS

**ഉത്തരവ്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ ഓവർസീയർ പി.എസ്.സി മുഖേന നിയമിതരാകുമ്പോൾ താൽക്കാലികമായി ജോലി ചെയ്യുന്ന ഓവർസീയർമാരെ പിരിച്ചുവിടുന്നത് പദ്ധതി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുമെന്നതിനാൽ ഇവരെ നിലവിൽ അനുവദിച്ചിരിക്കുന്ന സ്റ്റാഫ് ഘടന നോക്കാതെ 2018 മാർച്ച് 31 വരെ ഉപയോഗപ്പെടുത്തുന്നതിനും തനത് ഫണ്ടിൽ നിന്നും അവർക്ക് വേതനം നൽകുവാനും സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി പരാമർശ പ്രകാരം തീരുമാനിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ, പദ്ധതി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ജോലി നോക്കുന്ന താൽക്കാലിക ഓവർസീയർമാരുടെ സേവനം അനുവദിച്ചിരിക്കുന്ന സ്റ്റാഫ് ഘടന നോക്കാതെ 2018 മാർച്ച് 31 വരെ ഉപയോഗപ്പെടുത്തുന്നതിനും തനത് ഫണ്ടിൽ നിന്നും അവർക്ക് വേതനം നൽകുന്നതിനും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല. സി.എസ്**

ഡെപ്യൂട്ടി സെക്രട്ടറി

1 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
4 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
5 എല്ലാ സെക്രട്ടറിമാർക്കും, ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
6 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ/തിരുവനന്തപുരം
7 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
8 വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9 തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
10 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.